കേരളീയ സമൂഹത്തിൽ വേരുകളൂന്നി നിൽക്കുകയും ആഗോളതലത്തിൽ പടർന്നുനിൽക്കുകയും ചെയ്യുന്ന നൻമയുടെ വൻമരമാണ് കേരള മുസ്‌ലിം കൾച്ചറൽ സെന്റർ (കെ.എം.സി.സി.). ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും മധ്യപൂർവ്വദേശങ്ങളിലും ചില യൂറോപ്യൻ രാജ്യങ്ങളിലുമായി പടർന്നുകിടക്കുന്ന വിപുലമായ പ്രവർത്തന മേഖലയാണ് കെ.എം.സി.സി.യുടേത്. വ്യവസ്ഥാപിതമായ സംഘടനാ സംവിധാനവും ബൃഹത്തായ പ്രവർത്തന പദ്ധതികളുമായി കർമ്മ മേഖലയിൽ കരുത്തിന്റെ പ്രതീകമാണ് കേരളത്തിൽ നിന്നുള്ള മുസ്‌ലിം പ്രവാസികളുടെ ഈ സംഘടന.

എഴുപതുകളിൽ തൊഴിലാവശ്യാർത്ഥം ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറിയ മലയാളി മുസ്‌ലിംകളുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ച ചന്ദ്രിക റീഡേർസ് ഫോറമാണ് കെ.എം.സി.സിയുടെ ആദ്യരൂപം. ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയവേദിയായ ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ഔദ്യോഗിക അംഗീകാരമുള്ള ഈ പ്രവാസി സംഘടന പിൽക്കാലത്ത് കേരള മുസ്‌ലിം കൾച്ചറൽ സെന്റർ എന്ന പേരു സ്വീകരിച്ചു. സുശക്തമായ സംഘടനാ സംവിധാനമുള്ള സാമൂഹിക സന്നദ്ധ പ്രസ്ഥാനമായി അത് മാറി. ഇന്ത്യയിലെ വിവധ സംസ്ഥാനങ്ങളിൽ കേരള മുസ്‌ലിംകളുടെ ആഭിമുഖ്യത്തിൽ വ്യത്യസ്ത പേരുകളിലായി പ്രവർത്തിച്ചുവന്നിരുന്ന കൂട്ടായ്മകൾ കെ.എം.സി.സിയിൽ അഫിലിയേറ്റ് ചെയ്യപ്പെടുകയുണ്ടായി. കേരള മുസ്‌ലിംകളുടെ സംഘബോധത്തിന്റെയും സാമൂഹിക പ്രതിബദ്ധതയുടെയും ദീനാനുകമ്പയുടെയും രാഷ്ട്രീയ ചിന്തയുടെയും അടയാളമായി ലോകത്തിനു മുമ്പിൽ അജയ്യമായ മാതൃകയായി കെ.എം.സി.സി. മാറി. അംഗബലം കൊണ്ടും പ്രവർത്തനമേഖലയിലൂടെ വൈപുല്യം കൊണ്ടും ലോകത്തെ ഏറ്റവും വലിയ പ്രവാസിസംഘടനയാണ് ഇന്ന് കെ.എം.സി.സി.

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ആഭിമുഖ്യത്തിലുള്ള മുന്നണി സംഘടനകളിൽ ഏറ്റവും സുശക്തവും സുസംഘടിതവുമാണ് കെ.എം.സി.സി. അത് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പ്രവർത്തന പദ്ധതികൾ മാതൃകാപരവും നവീനവുമാണ്. വിപുലമായ ജനകീയാംഗീകാരം നേടിയെടുക്കുന്നതിൽ സംഘടനയും അതിന്റെ പ്രവർത്തന പദ്ധതികളും വിജയം വരിച്ചുകഴിഞ്ഞു.

ജീവകാരുണ്യ പ്രവർത്തനമേഖലയിലും സാമൂഹിക സുരക്ഷാപദ്ധതികളുടെ നടത്തിപ്പിലും മികവിന്റെയും പ്രതിബദ്ധതയുടെയും പര്യായം കൂടിയാണ് കെ.എം.സി.സി. ഇന്ത്യക്കകത്തും വിവിധ വിദേശ രാജ്യങ്ങളിലും പ്രവർത്തിച്ചുവരുന്ന ഓരോ കെ.എം.സി.സി. ഘടകങ്ങൾക്കും സ്വന്തമായ പ്രവർത്തന പദ്ധതികളുണ്ട്. ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് രാജ്യത്തിനകത്ത് നടപ്പിലാക്കുന്ന സുപ്രധാനമായ എല്ലാ ജീവകാരുണ്യ സാമൂഹിക സുരക്ഷാ പദ്ധതികളുടെയും വിജയത്തിനു പിന്നിൽ കെ.എം.സി.സി.യുണ്ട്. നിസ്വാർത്ഥരും കർമ്മധീരരുമായ വളണ്ടിയർമാരുടെ സമർപ്പണബോധവും ഇഛാശക്തിയുമുണ്ട്. അവരുടെ ആവിഷ്കാരവൈഭവവും ആസൂത്രണമികവുമുണ്ട്. ശാസ്ത്രീയമായ സംഘാടനശേഷിയും സാമ്പത്തിക സ്രോതസ്സും ഉണ്ട്.

ജീവകാരുണ്യ/ സാമൂഹിക സുരക്ഷാ പദ്ധകളിലെന്ന പോലെ രാഷ്ട്രീയ മേഖലയിലും മാതൃകായോഗ്യമായ പ്രവർത്തന പദ്ധതികളാവിഷ്കരിച്ചു നടപ്പിലാക്കുന്നതിൽ കെ.എം.സി.സി. മുൻപന്തിയിലുണ്ട്. മുസ്‌ലിം ലീഗ് കാലാ കാലങ്ങളിലായി നടത്തിക്കൊണ്ടിരിക്കുന്ന എല്ലാവിധ രാഷ്ട്രീയ പ്രചാരണ പ്രവർത്തനങ്ങളിലും കെ.എം.സി.സി.യുടെ സജീവപങ്കാളിത്തമുണ്ട്. തെരെഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലും സമ്മേളനങ്ങളിലും ഏറ്റവും ശ്രദ്ധേയമായ രീതിയിൽ പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കെ.എം.സി.സി.ക്ക് സാധ്യമാവുന്നു. കേരളത്തിലെ തെരെഞ്ഞെടുപ്പ് ഘട്ടങ്ങളിൽ, വിവിധ രാജ്യങ്ങളിൽ നിവസിക്കുന്ന മലയാളികളായ പൗരൻമാരെ വോട്ടർപട്ടികയിൽ പേരുചേർത്തും അവർക്ക് വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയു നാട്ടിലെ ജനാധിപത്യ പ്രക്രിയയിലും കെ.എം.സി.സി. അതിന്റെ പങ്കുനിർവ്വഹിക്കുന്നു. ഏറ്റെടുത്തു നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളുടെയും സമഗ്രമായ ആസൂത്രണവും വിജയവും ഉറപ്പുവരുത്താൻ കഴിഞ്ഞ ചരിത്രവും കെ.എം.സി.സി.ക്ക് അവകാശപ്പെട്ടതാണ്.

ഇന്ത്യക്കകത്തും പുറത്തുമായി പ്രവർത്തിച്ചുവരുന്ന കെ.എം.സി.സി. ഘടകങ്ങൾക്ക് പൊതുവായി അവകാശപ്പെടാനുള്ളതാണ് മേൽവിവരിച്ച വസ്തുതകൾ. ഇതിനു പുറമെ, ഓരോ ഘടകങ്ങളും അത് നിലകൊള്ളുന്ന സാമൂഹിക സാഹചര്യങ്ങൾക്കുരൂപമായി സ്വതന്ത്രമായ മറ്റുപദ്ധതികളും ആവിഷ്കരിച്ച നടപ്പിലാക്കാറുണ്ട്. ഓരോ ഘടകങ്ങളും അഭിമുഖീകരിക്കുന്ന അനിവാര്യതകളോടുള്ള സത്യസന്ധമായ പ്രതികരണങ്ങൾ എന്ന നിലയിലാണ് അത്തരം സാമൂഹിക രാഷ്ട്രീയ പദ്ധതികൾ കെ.എം.സി.സി. ഘടകങ്ങൾ ഏറ്റെടുക്കാറുള്ളത്. മാറുന്ന കാലത്തിനനുസരിച്ച് ഉയർന്നുവരുന്ന

പുതിയ സാമൂഹിക സാഹചര്യങ്ങളെ ക്രയാത്മകമായി അഭിമുഖീകരിക്കാൻ കെ.എം.സി.സി. പ്രതിജ്ഞാബദ്ധമാണ്.

കെ.എം.സി.സി. പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും പൊതുധാരയിൽ ജിദ്ദ സെന്റർ കമ്മിറ്റി എക്കാലത്തും അഭിമാനത്തോടെ തലയുയർത്തി നിന്നിട്ടുണ്ട്. കെ.എം.സി.സി. സംഘടനകളിൽ നിന്ന് സമൂഹം പ്രതീക്ഷിക്കുന്ന നന്മ നിറഞ്ഞ എല്ലാ സംരംഭങ്ങളും വിജയകരമായി നടപ്പിലാക്കാൻ ജിദ്ദ കമ്മിറ്റിക്കു കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ആതുരാലയ പ്രവർത്തന പദ്ധതിക്ക തുടക്കം കുറിക്കുകയും ചെയ്തു. സാമൂഹിക ചിന്തയോടൊപ്പം രാഷ്ട്രീയ ബോധം ഇഴചേർന്ന ആ പ്രവർത്തന ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ ചുവടുവെയ്പ്പാണ് പുസ്തക പ്രസാധനം. ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷന്റെ പ്രസിദ്ധീകരണ വിഭാഗമായ ഗ്രെയ്സ് ബുക്സുമായി സഹകരിച്ചു കൊണ്ടാണ് കെ.എം.സി.സി. ജിദ്ദ സെൻട്രൽ കമ്മിറ്റി പുസ്തക പ്രസിദ്ധീകരണ രംഗംത്ത് പ്രവർത്തിച്ചുവരുന്നത്.

കേരളത്തിലെ മുസ്ലിം സാമൂഹിക-സാംസ്കാരിക വിദ്യാഭ്യാസ രംഗത്ത് ഒരു പതിറ്റാണ്ടിലേറെയായി പ്രവർത്തിച്ചുവരുന്ന സന്നദ്ധസംഘടനയാണ് ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷൻ. പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ചെയർമാനും സയ്യിദ് അബ്ദുൽ അഴ്റഫ് (ചെട്ടിപ്പടി) ജനറൽ സെക്രട്ടറിയുമാണ്. കേരളീയ മുസ്ലിം സാമൂഹിക മേഖലയിൽ ശ്രദ്ധേയമായ ഒട്ടനവധി സംരംഭങ്ങൾ ഗ്രെയ്സ് ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രെയ്സിനു കീഴിൽ പ്രവർത്തിക്കുന്ന മാപ്പിള ഹെറിറ്റേജ് ലൈബ്രറി, കേരളത്തിലെ അറബി മലയാള സാഹിത്യഗ്രന്ഥ ശാഖയിൽ ഇന്ന് നിലവിലുള്ള ഏറ്റവും വലിയ ലൈബ്രറിയാണ്. അറബി മലയാള ഭാഷയിലെ പല അപൂർവ്വ ഗ്രന്ഥങ്ങളും അവിടെ സമാഹരിക്കപ്പെട്ടിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിലും മറ്റു നിരവധി സർവ്വകലാശാലകളിലും മുസ്ലിം സാംസ്കാരിക ചരിത്ര പഠന മേഖലകളിൽ ഗവേഷണം നടത്തിക്കൊണ്ടിരിക്കുന്ന എണ്ണമറ്റ വിദ്യാർത്ഥികളും അനൗപചാരിക ഗവേഷകരും ഈ ലൈബ്രറിയുടെ സേവനം പ്രയോജനപ്പെടുത്തി വരുന്നു. കേരളത്തിലെ മുസ്ലിം സമൂഹത്തെ സംബന്ധിക്കുന്ന വിലമതിക്കാനാവാത്ത റിവിന്റെ സ്രോതസ്സുകളായ മറ്റു നിരവധി ഗ്രന്ഥങ്ങളും ഇവിടെ ലഭ്യമാണ്.

മഹാനായ ഖാഇദെ മില്ലത്ത് മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കപ്പെട്ട കേരളത്തിലെ ആദ്യത്തെ മുസ്ലിം പള്ളി, ഗ്രെയ്സ് ആസ്ഥാനമായ കേമ്പ് സയ്യിദിൽ തലയുയർത്തി നിൽക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്കൽ സ്റ്റഡീസ്, കമ്മ്യൂണിറ്റി ഡെവലപ്പമെന്റ് ട്രെയിനിംഗ് സെന്റർ തുടങ്ങി കേരളീയ മുസ്ലിം സമൂഹത്തിന് ധൈഷണികമായ മാർഗ്ഗദർശനം നൽകാൻ പ്രാപ്തമായ നിരവധി സംരംഭങ്ങൾ ഗ്രെയ്സ് ആവിഷ്കരിച്ചിട്ടുണ്ട്. അഞ്ചുവർഷമായി കോഴിക്കോട് സർവ്വകലാശാലയിൽ പ്രവർത്തിച്ചുവരുന്ന സി.എച്ച് മുഹമ്മദ് കോയ ചെയർ ഫോർ സ്റ്റഡീസ് ഓൺ ഡവലപ്പിംഗ് സൊസൈറ്റീസിന്റെ പ്രായോജകർ ഗ്രെയ്സ് എജ്യൂക്കേഷണൽ അസോസിയേഷനാണ്. പ്രസാധന വിഭാഗമായ ഗ്രെയ്സ് ബുക്സ് ഇരുപത്തഞ്ചോളം പുസ്തകങ്ങൾ ഇതിനോടകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളീയ മുസ്ലിം സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ മാതൃകായോഗ്യമായ ജീവിതം കൊണ്ട് വഴിവെളിച്ചം പകർന്ന മഹാരഥൻമാരുടെ ജീവചരിത്രം ' നേതൃസ്മൃതി' പരമ്പരയിലൂടെ പുറത്തിറക്കുന്നു. ഈ പരമ്പരയിൽ 15 പുസ്തകങ്ങൾ ഇതിനോടകം വെളിച്ചം കണ്ടു. സാമൂഹിക രാഷ്ട്രീയ പ്രാധാന്യമുള്ള മറ്റു നിരവധി വിഷയങ്ങളിലും പഠനാർഹമായ ഗ്രന്ഥങ്ങൾ ഗ്രെയ്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളീയ മുസ്ലിം സാമൂഹിക മുന്നേറ്റത്തിന്റെ ടിസ്ഥാനമായി വർത്തിച്ച രാഷ്ട്രീയ ചിന്തയോടുള്ള പ്രതിബദ്ധത ഗ്രെയ്സിനെ ഇതര മുസ്ലിം സാസ്കാരിക സംഘടനകളിൽ നിന്ന് വേറിട്ടു നിർത്തുന്നു. ഗ്രെയ്സ് ബുക്സിന്റെ സംരംഭങ്ങളിൽ ഭാഗഭാക്കായി കൊണ്ട് ജിദ്ദ സെൻട്രൽ കമ്മിറ്റിയും അതിലർപ്പിതമായ സാമൂഹിക രാഷ്ട്രീയ ദൗത്യം നിർവ്വഹിക്കാനുള്ള അവസരം അഭിമാനത്തോടു കൂടി ഏറ്റെടുക്കുന്നു.

കെ.എം.സി.സി. ജിദ്ദ സെൻട്രൽ കമ്മിറ്റി, ഗ്രെയ്സ് ബുക്സുമായി കൈകോർത്തുകൊണ്ട് ആവിഷ്കരിക്കുന്ന ഏറ്റവും പുതിയ സംരംഭമാണ് ' അക്ഷരക്കൂട്ട്' . കേരളത്തിലെ ആയിരം ഗ്രന്ഥശാലകൾക്ക് ഗ്രെയ്സ് ബുക്സ് പ്രസിദ്ധീകരിച്ചതടക്കമുള്ള 30 പുസ്തകങ്ങളടങ്ങിയ കിറ്റ് സൗജന്യമായി വിതരണം ചെയ്യുന്നതാണ് പദ്ധതി. കോളേജുകൾ, അറബി കോളേജുകൾ, മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ, പ്രാദേശിക/ഗ്രാമീണ വായനശാലകൾ തുടങ്ങിയവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾക്കാണ് അക്ഷരക്കൂട്ട് പദ്ധതിയിലൂടെ പുസ്തകങ്ങൾ വിതരണം ചെയ്യുന്നത്. 2016 ജൂൺ 28 ചൊവ്വാഴ്ച്ച പാണക്കാട് വെച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട

സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ ബഹു. ആദ്യശ്ശേരി ഹക്കീം ഫൈസിക്ക് പുസ്തകക്കിറ്റ് കൈമാറിക്കൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഗ്രന്ഥശാലകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നു.

കേരളത്തിലെ സാമൂഹിക സാസ്കാരിക രാഷ്ട്രീയ ചരിത്ര മണ്ഡലങ്ങളിൽ മുസ്ലിംകളുടെ ധൈഷണിക വ്യവഹാരങ്ങൾ പൂർവ്വോപരി ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്നുണ്ട്. ഔപചാരിക-അനൗപചാരിക പഠന ഗവേഷണങ്ങളിൽ നിന്ന് പുതിയ അറിവിന്റെ വെളിച്ചം പ്രസരിച്ചുകൊണ്ടിരിക്കുന്നു. മുസ്ലിം സമൂഹത്തിന്റെ മുന്നോട്ടുള്ള വഴിയിൽ പുരോഗമനപരമായ ദിശാബോധം നൽകുന്നതിനാവശ്യമായ ബോധപൂർവ്വമായ പരിശ്രമങ്ങൾ ആവശ്യമായിരിക്കുന്നു. സമൂഹത്തിലാകമാനം പുതിയ അവബോധം ഉളവാക്കുന്ന സംവാദങ്ങൾ ഉയർന്നുവരേണ്ടിയിരിക്കുന്നു. മുസ്ലിം സമൂഹം ആർജിച്ച അറിവിന്റെ സമാഹാരങ്ങളായ പുസ്തകങ്ങൾ വിപുലമായ വായനക്ക് വിധേയമാക്കുന്നതിലൂടെ അത്തരം അറിവുകളുടെ ജനകീയവൽക്കരണമാണ് ' അക്ഷരക്കൂട്ട്' പദ്ധതിയിലൂടെ കെ.എം.സി.സിയും ഗ്രെയ്സും വിഭാവനം ചെയ്യുന്നത്.

കേരളത്തിന്റെ മുസ്ലിം ധൈഷണിക വ്യവഹാരങ്ങൾക്ക് ദീർഘകാലാടിസ്ഥാനത്തിൽ പ്രായോജനപ്രദമാകുന്ന ' അക്ഷരക്കൂട്ട്' പദ്ധതി വിജയകരമായി സാക്ഷാത്കരിക്കാനും പരമാവധി വായനക്കാരിലേക്ക് ഗുണഫലങ്ങൾ എത്തിച്ചേരാനും ആവശ്യമായ പിന്തുണയും സഹകരണവും നൽകണമെന്ന് ഓരോരുത്തരോടും അഭ്യർത്ഥിക്കുന്നു.

സർവ്വശക്തനായ നാഥന്റെ അനുഗ്രഹമുണ്ടാകട്ടെ.